**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 490**

**03.03.2020 ൽ മറുപടിക്ക്**

## വ്യവസായ ബൃഹത് സോണുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എ.പി. അനിൽ കുമാർ :** | | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | 2016-17 ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ കേരളത്തിൽ അഞ്ച് വ്യവസായ ബൃഹത് സോണുകൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ; | (എ) & (ബി) | പ്രഖ്യാപിച്ചിരുന്നു. കേരളത്തിൽ വ്യവസായ സോണുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി കണ്ണൂരിലെ പട്ടനൂർ പനയത്താമ്പറമ്പിൽ 1000 ഏക്കർ ഭൂമി കിൻഫ്ര കണ്ടെത്തുകയും പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.<br><br>മങ്കടയിൽ ഇതിലേക്കായി ഭൂമി കണ്ടെത്തിയെങ്കിലും ഭൂമി വിലയിൽ തീരുമാനമാകാത്ത സാഹചര്യത്തിലും, പ്രസ്തുത സ്ഥലം ഡെവലപ് ചെയ്യാൻ കഴിയാത്തവിധം നിരപ്പില്ലാത്ത സ്ഥലമായതിനാലും, പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നത് ലാഭകരമല്ല എന്ന് റിപ്പോർട്ട് ചെയ്തതിനാൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അനുമതി റദ്ദ് ചെയ്ത് സ.ഉ (കൈ)299/17/വ്യവ തീയതി 25/08/2017 പ്രകാരം ഉത്തരവായിട്ടുണ്ട്.<br><br>തൊടുപുഴയിലും വിഴിഞ്ഞത്തും കാസർഗോഡും പദ്ധതിക്ക് അനുയോജ്യമായ ഭൂമി ലഭിക്കാത്തതിനാൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. |
| (ബി) | ഇതിന്റെ അടിസ്ഥാനത്തിൽ വ്യവസായ സോണുകൾ എവിടെയെല്ലാമാണ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചതെന്നും അതിൽ ഏതെല്ലാം സോണുകൾ ഇതിനകം പ്രവർത്തനക്ഷമമായി എന്നും വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**